പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2972 — 17.10.2016 -ൽ മറുപടിക്ക്

## ഹോട്ടൽ ഭക്ഷണവില നിയന്ത്രണ നിയമം

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.പാറക്കൽ അബ്ദുല്ല<br>ശ്രീ.കെ.എം.ഷാജി<br>ശ്രീ.പി.കെ.അബ്ദു റബ്ബ്<br>ശ്രീ.ടി. വി. ഇബ്രാഹിം** | **ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) ഹോട്ടൽ ഭക്ഷണവില നിയന്ത്രണ നിയമം വേണമെന്ന കോടതി നിർദ്ദേശം സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ; | (എ) ശബരിമല തീർത്ഥാടനത്തിന് എത്തുന്ന അയ്യപ്പ ഭക്തൻമാരിൽ നിന്നും ഹോട്ടലുകൾ അമിതമായി വില ഈടാക്കിയ സാഹചര്യത്തിൽ പത്തനംതിട്ട ജില്ലാ കളക്ടർ ജില്ലയിൽ സസ്യാഹാരത്തിന് വില നിശ്ചയിക്കുകയും ആയതിന്മേൽ ഹോട്ടലുടമകൾ ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് പെറ്റിഷനിന്മേൽ പമ്പയിലും ശബരിമലയിലും ദേവസ്വം ബോർഡിന്റെ അംഗീകാരത്തോടെ താത്കാലിക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ഹോട്ടലുകളിൽ മാത്രം വിൽക്കപ്പെടുന്ന ഭക്ഷണ സാധനങ്ങളുടെ വില നിശ്ചയിക്കുവാൻ മാത്രമേ ജില്ലാ കളക്ടർക്ക് അധികാരമുള്ളൂ എന്ന് കോടതി വിധിച്ചിരുന്നു. ഇതിന് തുടർച്ചയായി വന്ന കേസിൽ ബഹു. ഹൈകോടതിയുടെ അഭിപ്രായ പ്രകാരം പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി എന്നീ ജില്ലകളിലെ ഹോട്ടലുകളിൽ വിൽക്കപ്പെടുന്ന സസ്യാഹാരങ്ങൾ അവശ്യ വസ്തുക്കളായി പ്രഖ്യാപിക്കപ്പെടുകയും പ്രസ്തുത ജില്ലകളിലെ കളക്ടർമാർക്ക് പ്രസ്തുത ആഹാര സാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിനുള്ള അധികാരം വിജ്ഞാപനത്തിലൂടെ നല്കിയിട്ടുമുണ്ട്. |
| (ബി) ഹോട്ടലുകളെ തരംതിരിച്ച് ഭക്ഷണ വില എകീകരിക്കുന്നതിനുള്ള നിയമ നിർമ്മാണത്തിനുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;<br>(സി) ഹോട്ടൽ ഉടമകളുടെ ഹർജിയിലാണ് കോടതിയുടെ നിർദ്ദേശമുണ്ടായിരിക്കുന്നത് എന്നതു പരിഗണിച്ച് നിയമ നിർമ്മാണ നടപടികൾ ത്വരിതപ്പെടുത്തുമോ? | (ബി) & (സി) ഹോട്ടലുകളിലെ ഭക്ഷണ പദാർത്ഥങ്ങളുടെ വില ക്രമീകരിക്കുന്നതിനായി രൂപം നല്കിയ "2015 ലെ കേരള ഹോട്ടലുകൾ (ഭക്ഷണ വില ക്രമീകരണം) ബില്ല്" ബിൽ നമ്പർ 382 ആയി പ്രസിദ്ധീകരിച്ചുവെങ്കിലും പതിമൂന്നാം കേരള നിയമസഭാ സമ്മേളന കാലയളവിൽ നിയമ നിർമ്മാണത്തിനായി വയ്ക്കുവാൻ കഴിയാത്തതിനാൽ ലാപ്സായിരിക്കുന്നു. ഈ വിഷയത്തിന്മേൽ തുടർ നടപടി സ്വീകരിക്കുന്നതിനായി സർക്കാരിന് നയപരമായ തീരുമാനം കൈക്കൊള്ളേണ്ടതായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ